## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2592

18.08.2017-ൽ മറുപടിയ്ക്ക്

## ഗ്രാമീണ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് വൺ ടൈം മെയ്ന്റനൻസ് ഗ്രാന്റ്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് വൺ ടൈം മെയ്ന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി അനുവദിച്ച തുക എത്ര വീതമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് വൺ ടൈം മെയ്ന്റനൻസ് ഗ്രാന്റ് അനുവദിച്ചിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ഒട്ടാകെ എത്ര കിലോമീറ്റർ റോഡ് ഇങ്ങനെ ഏറ്റെടുത്തിട്ടുണ്ട്; ഏതൊക്കെ റോഡുകളാണ് ഇങ്ങനെ ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്തെ ഗ്രാമീണ റോഡുകളൊന്നും ഏറ്റെടുത്തിട്ടില്ല. |
| (സി) കൂടുതൽ ഗ്രാമീണ റോഡുകൾ ഇങ്ങനെ ഏറ്റെടുക്കുന്നതിന് തയ്യാറാകുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ